**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2362** | **05-02-2026 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ പൂർത്തീകരിച്ച വീടുകളുടെയും ഭവന സമുച്ചയങ്ങളുടെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | 31.01.2026 വരെ 4,82,736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘട നകൾ, പാർട്ട്ണർഷിപ്പ്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ 18 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെയും ഭവനസമുച്ചയങ്ങളുടെയും എണ്ണം ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോർപ്പറേഷനുകളിലും നഗരസഭകളിലും സ്ഥല ലഭ്യതക്കുറവുള്ളതിനാൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് മുൻതൂക്കം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>എന്നാൽ കോർപ്പറേഷനുകളിലും നഗരസഭകളിലും, ഗ്രാമപഞ്ചായ ത്തുകളിലും പുതിയ ഭവന സമുച്ചയ ങ്ങളുടെ നിർമ്മാണം ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | പ്രസ്തുത സ്ഥലങ്ങളിലെ സ്ഥല ലഭ്യതക്കുറവുമൂലം തൊട്ടടുത്ത പഞ്ചായത്തുകളിലെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഭവന സമുച്ചയങ്ങളും അതിനോടനുബന്ധിച്ച് മറ്റു പശ്ചാത്തല സൗകര്യവും കൂടി ലഭ്യമാക്കത്തക്കവിധം പദ്ധതികൾ ആസൂത്രണം ചെയ്യുമോ; വ്യക്തമാക്കുമോ? | (സി) | ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>എന്നാൽ കോർപ്പറേഷനുകളിലും നഗരസഭകളിലും, ഗ്രാമപഞ്ചായ ത്തുകളിലും പുതിയ ഭവന സമുച്ചയ ങ്ങളുടെ നിർമ്മാണം ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച ഭവന സമുച്ചയങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 59,391 | 4 |
| കൊല്ലം | 41,459 | 1 |
| പത്തനംതിട്ട | 14,530 | 0 |
| ആലപ്പുഴ | 34,703 | 0 |
| കോട്ടയം | 19,891 | 1 |
| ഇടുക്കി | 25,855 | 2 |
| എറണാകുളം | 37,365 | 3 |
| തൃശൂർ | 36,157 | 1 |
| പാലക്കാട് | 51,351 | 0 |
| മലപ്പുറം | 57,162 | 1 |
| കോഴിക്കോട് | 36,008 | 0 |
| വയനാട് | 27,491 | 0 |
| കണ്ണൂർ | 22,460 | 5 |
| കാസർഗോഡ് | 18,913 | 0 |
| ആകെ | **4,82,736** | **18** |